(ബി) സംസ്ഥാനത്തെ പ്രധാന ക്ഷേത്രപരിസരങ്ങളിൽ നിന്ന് ക്രൈസ്തവ-മുസ്ലിം കച്ചവടക്കാരെ ഒഴിപ്പിക്കണം, അഹിന്ദുക്കളുടെ ജനസംഖ്യാ വർദ്ധന ഇല്ലാതാക്കാൻ ഹിന്ദു രക്ഷാ ജാഗ്രത സമിതി രൂപീകരണം എന്നിങ്ങനെ മതസൗഹാർദ്ദം തകർക്കാനും, ജാതിസ്പർദ്ധയും വർഗീയതയും രൂപപ്പെടുത്തുവാനും പ്രസ്തുത യോഗത്തിൽ തീരുമാനം എടുത്തതായിട്ടുള്ള വിവരം ഇന്റലിജൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇന്റലിജൻസ്, മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ; ഇത്തരം നടപടികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളതാണ്.

(സി) സംസ്ഥാനത്ത് സാമുദായിക ധ്രുവീകരണം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

15 (*15) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കേണ്ടത്; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനുള്ള ടെണ്ടർ നടപടികളും പ്രവൃത്തികളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) 1. 2009 ഡിസംബറിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി രൂപീകരിച്ചു. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി സർക്കാരിനുവേണ്ടി റവന്യൂ ഡിപ്പാർട്ടുമെന്റും സർക്കാരിന്റെ നോഡൽ ഏജൻസിയായ കിൻഫ്രയും ഒന്നും രണ്ടും ഘട്ടങ്ങളിൽ ഏറ്റെടുത്തു. മൂന്നാംഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിനാൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിവരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2. റൺവേ നിർമ്മാണത്തിന് വേണ്ടി അടിയന്തിരമായി 10.25 ഏക്കർ ഭൂമി കിയാൽ നേരിട്ട് ഏറ്റെടുത്തു. എമർജൻസി റോഡിനുവേണ്ടി 40 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു. റൺവേ 3400 മീറ്റർ നീട്ടാനുള്ള സർവ്വേ പൂർത്തിയാക്കി. ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കണ്ണൂർ എയർപോർട്ടിന്റെ മൂലധന സമാഹരണം ത്വരിതപ്പെടുത്തുന്നതിന് 4-4-2012 ൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി (കിയാസ്സ്) രൂപീകരിച്ചു.

4. എയ്കോം ഏഷ്യാ കമ്പനിയെയും അവരുടെ സാമ്പത്തിക പങ്കാളികളായ ക്രിസലിനെയും കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കൺസൾട്ടന്റായി 2012 നവംബറിൽ നിയമിച്ചു.

5. എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവേ എയർസൈഡ് പ്രവർത്തികൾക്ക് 694 കോടി രൂപയ്ക്കുള്ള കരാർ 25-11-2013 നും ടെർമിനൽ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളുടെ 498.70 കോടി രൂപയ്ക്കുള്ള കരാർ 25-6-2014 നും ലാർസൺ & ടുബ്രോ കമ്പനിക്ക് നൽകി പ്രവർത്തികൾ നടന്നുവരികയാണ്. ഇതുവരെയായി ഏകദേശം 62% പണികൾ പൂർത്തിയായി പരീക്ഷണപ്പറക്കലിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായി. ഡി.ജി.സി.യുടെ ഇൻസ്പെക്ഷൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

6. വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണാപത്രം 21.5.2015 ന് ഒപ്പുവച്ചു. (കാനറ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം)

7. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപയ്ക്കുള്ള ധാരണാപത്രം 24.6.2015 ൽ ഒപ്പുവച്ചു.

8. മെറ്റീരിയോളജിക്കൽ സർവ്വീസിനുവേണ്ടി മെറ്റീരിയോളജിക്കൽ വകുപ്പുമായി ധാരണാപത്രം ഒപ്പുവച്ചു.

9. എ.ടി.എഫ്. എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ.-കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചു (ബി.പി.സി.എൽ. 76%, കിയാൽ 24%)

10. ബാക്കിയുള്ള നിർമ്മാണ പ്രവർത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ തുടങ്ങിയവയ്ക്കുള്ള വർക്ക് അവാർഡ് ചെയ്തു. വാണിജ്യാടിസ്ഥാനത്തിൽ എയർപോർട്ട് 2016 സെപ്തംബറിൽ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഡി.ജി.സി.എ. ലൈസൻസും ടെലികമ്മ്യൂണിക്കേഷൻ മന്ത്രാലയത്തിന്റെയും BCAS-ന്റെയും ക്ലിയറൻസും ലഭിക്കണം. കൂടാതെ കസ്റ്റംസുമായും CISF -മായും ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതായിട്ടുണ്ട്.

(സി) റൺവേ, ടാക്സിവേ, ഏപ്രൺ, അനുബന്ധ സൗകര്യങ്ങളായ സബ് സ്റ്റേഷൻ, സി.സി.ആർ.ബിൽഡിംഗ്, ഫയർ സ്റ്റേഷൻ, ചുറ്റുമതിൽ, ഓവുചാൽ, നിലവിലുള്ള റോഡിൽ നിന്നുള്ള പ്രധാന കവാടം, കാർ പാർക്കിംഗ് മുതലായവയുടെ പ്രവൃത്തിക്ക് 5-11-2013 ന് സാമ്പത്തിക ബിഡ് തുറക്കുകയും ഏറ്റവും കുറഞ്ഞ കരാർ തുക (694 കോടി രൂപ) രേഖപ്പെടുത്തിയ എൽ&ടി.ക്ക് 5-11-2013 ന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. പ്രവൃത്തി 75% പൂർത്തിയായി.

ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗ്, എ.ടി.സി. ടവർ, ടെക്നിക്കൽ ബിൽഡിംഗും ഇ&എം ഉപകരണങ്ങളും മറ്റ് പ്രധാന സേവനങ്ങൾ ഉൾപ്പെടുന്ന പണിക്ക് ടെണ്ടർ നടപടികൾക്കുശേഷം ഏറ്റവും കുറഞ്ഞ തുകയായ 498 കോടി രൂപ ക്വാട്ട് ചെയ്ത് ബിഡ് സമർപ്പിച്ച ലാർസൺ & ടൂബ്രോ കമ്പനിക്ക് 25-6-2014 ന് വർക്ക് അവാർഡ് ചെയ്തു. പ്രവൃത്തി 62% പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

മറ്റു പ്രവർത്തികളായ ലിഫ്റ്റ്, എലിവേറ്റർ, എസ്കലേറ്റർ, കൺവേയർ, ഫയർ ടെണ്ടർ മുതലായവയുടെ ടെണ്ടർ അവാർഡ് ചെയ്യുകഴിഞ്ഞു. മൊത്തം പണിയുടെ ഏകദേശം 62% പൂർത്തിയായി.

സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

16 (*16) ശ്രീ. എം. എ. ബേബി:

ശ്രീ. എ. കെ. ബാലൻ:

ശ്രീ. പി. ടി. എ. റഹീം:

പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച പ്രമുഖമായ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; ഇക്കാര്യങ്ങളിലെ കേന്ദ്ര നിലപാട് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം അനുവദിക്കുകയുണ്ടായിട്ടുണ്ട്;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്;

(ഡി) ഇപ്പോഴും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ആവശ്യങ്ങൾ വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ രാഷ്ട്രീയമായി വിവേചനം കാണിക്കുന്നതായി അഭിപ്രായം ഉണ്ടോ; വിശദമാക്കാമോ;?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നത്. സംസ്ഥാനം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച ആവശ്യങ്ങളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു. പ്രധാനപ്പെട്ട എല്ലാ ആവശ്യങ്ങളോടും അനുകൂലമായ നിലപാടാണ് കേന്ദ്രസർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly